പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

23.03.2022

# സ്വകാര്യ ട്യൂഷൻ സെന്ററുകളിലെ വിദ്യാർത്ഥികളുടെ അവകാശ സംരക്ഷണത്തിന് ചട്ടങ്ങൾ കൊണ്ടുവരണം

**-ബാലാവകാശ കമ്മീഷൻ**

സ്വകാര്യ ട്യൂഷൻ സെന്ററുകളിലെ വിദ്യാർത്ഥികളുടെ അവകാശ സംരക്ഷണത്തിനും ബാലാവകാശ ലംഘനങ്ങൾ തടയുന്നതിനും കേരള പഞ്ചായത്തീരാജ്-നഗരപാലിക നിയമങ്ങൾ വിപുലീകരിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ പ്രത്യേക ചട്ടങ്ങൾ കൊണ്ടു വരുകയോ ചെയ്യണമെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾ ലംഘിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പ്രത്യേക ചട്ടം കൊണ്ടു വരണം. ഇതിനാവശ്യമായ നടപടികൾ സ്വീകരി ക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, തിരുവനന്ത പുരം നഗരാസൂത്രണ ഡയറക്ടർ എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. ശിശു സൗഹൃദ സാഹചര്യത്തിൽ പഠനം നടത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതിനും അവകാശ ലംഘന പരാതി പരിഹാരത്തിനും വ്യവസ്ഥ ആവശ്യമാ ണെന്നും കമ്മീഷൻ അംഗങ്ങളായ കെ.നസീർ, ബി.ബബിത എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു.

ആകാശ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് ബ്രാഞ്ചിൽ 2020ൽ എൻട്രൻസ് കോച്ചിംഗിന് ചേർന്ന് ഫീസായി 75000/- രൂപ അടച്ചു. കുട്ടിയുടെ ആരോഗ്യ പ്രശ്നങ്ങൾ നിമിത്തം പഠനം ഉപേക്ഷിച്ചു. ചികിത്സക്കും മറ്റുമായി ഭീമമായ തുക ആവശ്യമായതിനാൽ പഠനം തുടരാൻ കഴിഞ്ഞില്ല. കോഴ്സ് ഫീസായി അടച്ച തുകയിൽ നിന്നും ന്യായമായ തുക തിരികെ ലഭിക്കണമെന്ന് കാണിച്ച് കൽപറ്റ ദേവിചന്ദന നാരായൺ, മീനങ്ങാടി ജില്ലാ ശിശു സംരക്ഷണ ആഫീസർ എന്നിവർ കമ്മീഷന് സമർപ്പിച്ച പരാതിയിൻമേൽ നടപടി സ്വീകരിച്ചതിനെ തുടർന്ന് അടച്ച ഫീസിന്റെ ഒരു ഭാഗം സ്ഥാപനം തിരിച്ചുനൽകി കേസ് തീർപ്പാക്കിയിരുന്നു. എന്നാൽ സംസ്ഥാനത്തെ ഭൂരിപക്ഷം വിദ്യാർത്ഥികളും മത്സര പരീക്ഷാ പരിശീലനത്തിനായി സ്വകാര്യ കോച്ചിംഗ് സെന്ററുകളെ ആശ്രയിക്കുന്നതിനാൽ കുട്ടികളുടെ അവകാശ ലംഘനം അത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകാതിരിക്കാനാണ് കമ്മീഷന്റെ ഇടപെടൽ.

പബ്ളിക് റിലേഷൻസ് ഓഫീസർ